(സി) എ മുതൽ എച്ച് വരെ ഓരോ ഗ്രേഡിനുമുള്ള മാനദണ്ഡം അനുബന്ധമായി ചേർക്കുന്നു.

കാലവർഷക്കെടുതിമൂലമുള്ള നാശനഷ്ടങ്ങൾ

108 (3855) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ നെന്മാറ മണ്ഡലത്തിലെ ഏതെല്ലാം പ്രദേശങ്ങളിലാണ് നാശനഷ്ടമുണ്ടായത് എന്ന് വിശദമാക്കുമോ ;

(ബി) നാശനഷ്ടമുണ്ടായവർക്കുള്ള നഷ്ടപരിഹാര തുക സമയബന്ധിതമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) എത്ര രൂപയുടെ നാശനഷ്ടമാണ് കണക്കാക്കിയിട്ടുള്ളത് ; ഈ തുക എന്ന് കൊടുക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) എലവഞ്ചേരി, വണ്ടാഴി, അയിലൂർ, കൊടുവായൂർ, കൊല്ലങ്കോട്, മുതലമട, പുതുനഗരം, തിരുവാഴിയാട്, വടവന്നൂർ എന്നീ പ്രദേശങ്ങളിൽ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നാശനഷ്ടങ്ങളുടെ വിശദവിവരങ്ങൾ താലൂക്ക് ഓഫീസുകൾ വഴിയും പ്രിൻസിപ്പൽ കൃഷി ആഫീസർ മുഖാന്തരവും ശേഖരിച്ചുവരുന്നു.

(സി) കൃഷി നശിച്ച വകയിൽ 44,82,960 രൂപയുടെയും വീടുകൾ ഭാഗികമായി തകർന്ന വകയിൽ 3,88,490 രൂപയുടെയും നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ജില്ലയ്ക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 2.50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അപേക്ഷകൾ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള പരിശോധന പൂർത്തിയാക്കി അർഹരായവർക്ക് ആശ്വാസ ധന/സഹായം ഉടനടി വിതരണം ചെയ്യുന്നതാണ്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly